

▸ ശാഹിന തറയിൽ

## സാക്ഷ്യം

കബന്ധങ്ങൾ പുകയുന്ന
അടുപ്പ്
മനുഷ്യരക്തം ചാലിട്ടൊഴുകുന്ന
അടുക്കള
നക്ഷത്രങ്ങൾ തുറിച്ചുനോക്കുന്ന
മേൽക്കൂരക്ക് മീതെയിരുന്ന്
ആകാശം
കലാപത്തിന്റെ നേർക്കാഴ്ചകളെ
അടയാളപ്പെടുത്തുന്നു. ■

## ഇര

ശീതക്കാറ്റിൽ
ആടിയുലയുന്ന
തകരക്കൂരക്കുള്ളിൽ നിന്നും
പുറത്തേക്ക് നീണ്ടു
വക്കുപൊട്ടിയ ചട്ടി
തണുത്തു മരവിച്ച കുഞ്ഞിക്കൈ
കുഴിഞ്ഞ കണ്ണുകളിൽ
ആകുലതയുടെ നെരിപ്പോട്
ഉന്തിയ വയറിന്മേൽ
ഭീതിയുടെ ഛായാചിത്രം
കലാപം ബാക്കിവച്ച
ചോദ്യം തിരയുന്ന ഉത്തരങ്ങൾ ■



## അസ്തമയ സൂര്യനോട് നിളാനദി

▸ നിഷാദ് തോട്ടുങ്ങൽ

രാത്രിയിലവർ വരും
എന്നെ കോരിയെടുക്കും
പിച്ചിച്ചീന്തും
നാളെ നീ വരുമ്പോൾ
കണ്ണീർ പോലും വറ്റിയ എന്നെ
കണ്ടെന്നു വരില്ല!
■

# സംശയം

നിങ്ങളുടെയാകാശങ്ങൾ
വടിവൊത്ത റീത്തുകൾ കൊണ്ട്
നിറം തീർത്ത
കല്ലറകൾ നിറഞ്ഞ സെമിത്തേരി,

അതിന്റെ
അലംകൃതമായ പടിപ്പുറത്ത്
തെമ്മാടിക്കുഴികളിലല്ലേ
ഞങ്ങളുടെ നക്ഷത്രങ്ങളെ
ഒരു പേരും കൊത്തിവക്കാതെ
നിങ്ങൾ
അടക്കിക്കിടത്തിയിരിക്കുന്നത്?

# അയ

സങ്കടങ്ങളെ
സോപ്പുനനച്ച്
കല്ലിൽ തല്ലിച്ചതച്ച്
മുക്കിപ്പിഴിഞ്ഞ്
അയയിൽ
ഉണക്കാനിട്ടിരിക്കുകയാണ്
അവൾ

**ശിവപ്രസാദ് പാലോട്**

# മരുപ്പച്ചകൾ പറയാത്തത്...

**ജിജി വി.വി, മുതുവറ**

ജീവിതമരുപ്പച്ചയിൽ
വെയിലാറുന്നു,
തീരാത്തൊരുഷ്ണമാത്മാ
വിന്നാർദ്രതയൂറ്റുന്നു...
വെണ്ണീറുപോൽ
വേനൽദിനങ്ങളെരിയവേ
കണ്ണീർവരികളാലൊരു
പുഴ കഥയെഴുതുന്നു...
കുളിരുവറ്റി, ഞാനെന്ന പൊരുളുവറ്റി,
കലികാലക്കനിവുപോൽ
നമ്മിൽ നാം വരളാൻ തുടങ്ങുന്നു...
കഥാശേഷമെഴുതാതെ
പുഴമാഞ്ഞ വഴികളിൽ
വീണ്ടുമൊരുദയം
ജീവിതമരുപ്പച്ച വരയ്ക്കുന്നു...

